DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

15-05-2021

# കാർഷികമേഖലാവാർത്തകൾ

## 1. വളർത്തുമൃഗങ്ങൾക്ക് ഒരു ഡേ കെയർ സെന്റർ

കോവിഡ് അതിജീവനത്തിന്റെ ഭാഗമായി വളർത്തുമൃഗങ്ങൾക്ക് വേണ്ടി ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി പഞ്ചായത്തിൽ ഒരു ഡേകെയർ സെന്റർ തുടങ്ങിയിട്ടുണ്ടെന്ന് കഞ്ഞിക്കുഴി വെറ്ററിനറി സർജൻ അറിയിക്കുന്നു. സംസ്ഥാനത്ത് തന്നെ ആദ്യത്തെ സംരംഭമായ ഈ പദ്ധതി തുടക്കമെന്ന നിലയിൽ ക്ഷീരകർഷകരെ സഹായിക്കാനായി ഉദ്ദേശിച്ചിട്ടുള്ളതാണ്. പതിനാറ് പശുക്കളെ സംരക്ഷിക്കാനുള്ള തൊഴുത്താണ് കഞ്ഞിക്കുഴി പഞ്ചായത്തിൽ ഇതിനായി സജ്ജീകരിച്ചിരിക്കുന്നത്. പശുക്കളുടെ പരിപാലനത്തിനായി ഒരു ക്ഷീരകർഷകനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ, പശു പരിപാലനത്തിന് ആളില്ലാതെ വരുന്ന അടിയന്തിര ഘട്ടങ്ങളിൽ, ക്ഷീരകർഷകർക്ക് ഈ അനിമൽ ഡേ കെയർ സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ

ഡോ ജയശ്രീ – 9496964973

## 2. ഹൈടെക് റിസർച്ച് ആൻഡ് ട്രൈനിംഗ് യൂണിറ്റിൽ ഹൈഡ്രോപോണിക്സ് കൃഷിരീതിയിൽ പരിശീലനം

കേരള കാർഷിക സർവകലാശാല ഹൈ ടെക് റിസേർച്ച് ആന്റ് ട്രെയിനിംങ് യൂണിറ്റ് ഹൈഡ്രോപോണിക്സ് കൃഷിരീതിയിൽ പരിശീലനം നൽകുന്നു. മണ്ണ് ഉപയോഗിക്കാതെ പൂർണ്ണമായും വെള്ളം ഉപയോഗിച്ച് കൃഷി ചെയ്യാൻ സാധിക്കുന്ന നൂതന കൃഷിരീതി യാണ് ഹൈഡ്രോപോണിക്സ്. ഇൻസ്ട്രക്ഷണൽ ഫാം വെള്ളായണിക്കര വച്ച് നടത്തുന്ന ഈ പരിശീലനം ഓൺലൈൻ പ്ലാറ്റ് ഫോമിലാണ് നടത്തുന്നത്. മേയ് 25 മുതൽ 29 വരെ നീളുന്ന അഞ്ച് ദിവസത്തെ പരിശീലന പരിപാടി എല്ലാ ദിവസവും രാവിലെ 10 30 മുതൽ 12.30 വരെയാണ്. വിവിധതരം ഹൈഡ്രോപോണിക്സ് സിസ്റ്റം, - രൂപകൽപ്പനകൾ,

പ്രവർത്തന-ഉപയോഗ-പരിപാലന രീതികൾ, ഇൻസ്റ്റലേഷൻ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം, എന്നിവയെകുറിച്ച് വിദഗ്ദർ ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. നാലായിരത്തി അഞ്ഞൂറ് രൂപയാണ് പരിശീലന ഫീസ്. പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ  വിശദവിവരങ്ങൾക്കായി താഴെ പറയുന്ന ഫോൺ നമ്പരിൽ രാവിലെ 10 നും വൈകിട്ട് 4 നും ഇടയ്ക്ക് വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ഫോൺ നമ്പർ 7025498850/ 9074405964/ 0487 296 0079**

## 3. ഓൺലൈൻ കർഷകസംവാദ പരമ്പര

'ശാസ്ത്രജ്ഞർ കർഷകരോടൊപ്പം ഒരു മണിക്കൂർ' എന്ന ആശയത്തെ മുൻനിർത്തി മണ്ണുത്തി വെറ്ററിനറി കോളേജിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന കർഷകസംവാദ പരമ്പരയിൽ ഇന്ന് (15-05-2021) വൈകിട്ട് 5 മണി മുതൽ 6 മണി വരെ "ഇറച്ചിക്കോഴി വളർത്തൽ ശാസ്ത്രീയ പരിപാലന രീതികൾ" എന്ന വിഷയത്തിൽ മണ്ണുത്തി വെറ്ററിനറി കോളേജിലെ അസിസ്റ്റന്റ് പ്രഫസർ ഡോ സുജ സി എസ് സംവാദം നയിക്കുന്നതാണ്.  സൂം പ്ലാറ്റ് ഫോറത്തിൽ നടക്കുന്ന പ്രസ്തുത സംവാദത്തിന്റെ മീറ്റിംങ്ങ് ഐഡി ഇനി പറയുന്നു. 9895213500. അന്വേഷണങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ - 9895213500.

## 4. കവപ്പശു വളർത്തൽ സാദ്ധ്യതകൾ - ഓൺലൈൻ പരിശീലനം

കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം 15/05/2021  ന് രാവിലെ പത്ത് മണിമുതൽ ഉച്ചയ്ക്ക് ഒരു മണി വരെ കറവപശു വളർത്തൽ സാദ്ധ്യതകൾ എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നതാണ്.വിതുര ജഴ്സി ഫാമിലെ വെറ്ററിറി സർജനായ ഡോ കിരൺ നയിക്കുന്ന പരിശീലനം കറവപ്പശുവളർത്തലിന്റെ നൂതന സാങ്കേതിക വശങ്ങൾ പരിചയപ്പെടുത്തുന്നു. വിശദ വിവങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ

ഡോ ശ്രീജ മുരളീധരൻ - 9495348594

## 5. കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്

കുടപ്പനക്കുന്ന് പഞ്ചായത്തിലെ സർക്കാർ അംഗീകൃത എഗ്ഗർ നഴ്സറികളിൽ നിന്നും നാൽപ്പത്തി അഞ്ചു മുതൽ എഴുപത് ദിവസം വരെ പ്രായമായ കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് ലഭ്യമാണെന്ന് കുടപ്പനക്കുന്ന് മൃഗാശുപത്രി വെറ്ററിനറി സർജൻ അറിയിക്കുന്നു. നാൽപ്പത്തഞ്ച് ദിവസം മുതൽ അറുപത് ദിവസം വരെ പ്രായമായ കോഴിക്കുഞ്ഞുങ്ങൾക്ക് ഒന്നിന് നൂറ്റിപ്പത്ത് രൂപയും അറുപത്തി

ഒന്നുമുതൽ എഴുപത് ദിവസം വരെ പ്രായമായ കോഴിക്കുഞ്ഞുങ്ങൾക്ക് ഒന്നിന് നൂറ്റിയിരുപത് രൂപയും ആണ് വില. ബന്ധപ്പെടേണ്ട നമ്പറുകൾ ഇനിപ്പറയുന്നു.

8943984514

9544510139

## 6. അറിയിപ്പ്

കോഴികാരത്തിൽ ചകിരി പിത്തും ഡോലോമൈറ്റും ചേർത്ത് നന്നായി ഉണക്കിയ കോഴിവളം ലഭ്യമാണ്. വാങ്ങാനായി ബന്ധപ്പെടേണ്ട നമ്പർ : 9447102924

## 7. വിള പരിപാലന നിർദ്ദേശങ്ങൾ

ഓണക്കാല വിളവെട്ടപ്പിനായി മത്തൻ, കുമ്പളം എന്നീ വിളകൾ മേയ് രണ്ടാം വാരവും, പാവൽ പടവലം എന്നീ വിളകൾ മേയ് അവസാനവാരവും, പയർ മേയ് ജൂൺ മാസങ്ങളിലായും, വെണ്ട, വഴുതന, മുളക്, വെള്ളരി എന്നീ വിളകൾ ജൂൺമാസം ആദ്യവാരത്തിലും നടേണ്ടതാണ്.

.